## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6463 | 1.11.2011-ലെ മറുപടിക്ക് |
|---|---|

### പുലയനാർകോട്ട നെഞ്ചുരോഗാശുപത്രി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.വി. ശശി<br>ശ്രീ. കെ.രാജു<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയുടെ കൈവശ ഭൂമിയിൽ അനധികൃത കയ്യേറ്റത്തിനെതിരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | എ) പുലയനാർകോട്ട നെഞ്ചുരോഗാശുപത്രി സ്ഥലത്തെ കൈയേറ്റം സംബന്ധിച്ച് ജില്ലാ കളക്ടർ, ആർ.ഡി.ഒ എന്നിവർക്ക് രേഖാമൂലം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആശുപത്രി വക സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിർത്തി നിർണ്ണയം ചെയ്യുന്നതിനും കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് സർവ്വേ വകുപ്പിന്റെ നേതൃത്വത്തിൽ സർവ്വേ ജോലികൾ നിർവ്വഹിച്ച് വരികയാണ്. |
| ബി) പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയുടെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) ടി ആശുപത്രിയുടെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് അധികൃതർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. |
| സി) ഭൂമി കയ്യേറിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) കയ്യേറിയവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ